"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കായികയുവജനകാര്യ വകുപ്പ് - കിഫ്ബി ഫണ്ട് മുഖേന നിർമ്മിക്കുന്ന അടൂർ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ഭരണാനുമതി റി-വാലിഡേറ്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കായികയുവജനകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.86/2025/S&YA                തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:-

1. 15.05.2017 ലെ സ.ഉ.( സാധാ ) നം.95/2017/കാ.യു.വ
2. 14.10.2022ലെ സ.ഉ.( സാധാ ) നം.267/2022/കാ.യു.വ
3. കായിക യുവജനകാര്യ ഡയറക്ടറുടെ 30.01.2025-ലെ A1-5806/24/DSYA നമ്പർ കത്ത്

**ഉത്തരവ്**

കിഫ്ബി ഫണ്ടുപയോഗിച്ച് അടൂർ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം 13.32 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എസ്.പി.വി ആയിരുന്ന കിറ്റ്കോ ടി പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതു പ്രകാരം കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിരുന്നു. എന്നാൽ കിറ്റ്കോ ഏറ്റെടുത്ത, പ്രവർത്തി ആരംഭിക്കാത്ത 23 വർക്കുകളുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ (SKF) നിയമിച്ച് പരാമർശം (2) പ്രകാരം ഉത്തരവാകുകയും ആയതിൽ അടൂർ മുനിസിപ്പൽ സ്റ്റേഡിയം ഉൾപ്പെടുകയും ചെയ്തിരുന്നു.

തുടർന്ന് പുതുക്കിയ സാമ്പത്തികാനുമതിയ്ക്കായി 2023-ൽ SKF, റിവൈസ്ഡ് എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിരുന്നതായും എന്നാൽ ടി പ്രവൃത്തിക്ക് ഭരണാനുമതി റി-വാലിഡേറ്റ് ചെയ്യേണ്ടതുണ്ടെന്ന് കിഫ്ബി അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ, അടൂർ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 13.32 കോടി രൂപയുടെ ഭരണാനുമതി റി-വാലിഡേറ്റ് ചെയ്ത് പുറപ്പെടുവിക്കണമെന്നും പരാമർശം (3) പ്രകാരം കായിക യുവജനകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കിഫ്ബി ഫണ്ടുപയോഗിച്ച് അടൂർ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം നൽകിയിരുന്ന 13.32 കോടി രൂപയുടെ ഭരണാനുമതി റീ -വാലിഡേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, സ്പോർട്സ് കേരള ഫൗണ്ടേഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, കിറ്റ്കോ, എറണാകുളം.
സെക്രട്ടറി , കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (റഫറൻസ് നം:ഇ.3068149/ഇൻഫ്ര.7/2025/ധന,തീയതി 27.03.2025 )
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Rajee R Pillai**
**Date: 29-03-2025 12:30:35**
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു.കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായികയുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
കായികയുവജനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്